**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **28-01-2026 - ൽ മറുപടിയ്ക്ക്**

**കക്കയം പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കക്കയം പവർ ഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വ്യക്തമാക്കാമോ? | (എ) | കക്കയം പവർ ഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കുന്ന വേളയിൽ, കുറ്റ്യാടി അഡിഷണൽ എക്സ്റ്റൻഷൻ സ്കീം (KAES)-നു വേണ്ടി രണ്ടാമത്തെ പെൻസ്റ്റോക്ക് സ്ഥാപിച്ചപ്പോൾ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 6.55 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുകയും, അതിൽ 1.65 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ അധീനതയി ലാണെന്ന വാദം അംഗീകരിക്കുകയും, ടി ഭൂമി ഒരു ലീസ് എഗ്രീമെന്റ് പ്രകാരം 18.90 ലക്ഷം രൂപ വനം വകുപ്പിനു നൽകി പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ ഏറ്റെടുക്കുകയും ചെയ്തിരുന്നു. ടി 1.65 ഹെക്ടർ കൈവശം വെച്ച് അനുഭവിച്ചിരുന്ന വ്യക്തികൾക്ക് ഭൂമിയിൽ അതുവരെ അവർ നടത്തി എന്ന് അവകാശപ്പെട്ടിരുന്ന 'ഭൂമി മെച്ചപ്പെടുത്തൽ' കണക്കിലെടുത്തുകൊണ്ട് ബോർഡ് ഉത്തരവ് പ്രകാരം Rs.10,70,000/-യും അന്നു നൽകുകയുണ്ടായി.<br><br>എന്നാൽ ഏറ്റെടുത്ത 1.65 ഹെക്ടർ ഭൂമി വനം വകുപ്പിന്റെ കീഴിലുള്ളതല്ല എന്ന് അറിയിച്ചുകൊണ്ട് 12.04.2022 തീയ്യതിയിലെ കത്ത് വനം വകുപ്പ് കെ.എസ്.ഇ.ബി.എൽ -ന് നൽകി. ഇത് പ്രകാരം 1.65 ഹെക്ടർ ഭൂമിയുടെ വില സെന്റിന് 4900/- രൂപ എന്ന നിരക്കിൽ സ്വകാര്യഭൂവുടമകൾക്ക് അന്ന് നൽകിയ 10,70,000/- രൂപ കഴിച്ച് നൽകേണ്ടതുണ്ട്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പേരും മേൽവിലാസം | വിസ്തൃതി | | അനുവദനീയമായ തുക (4900/cent) | മുമ്പ് നൽകിയ ഇമ്പ്രൂവ്മെന്റ് നഷ്ടപരിഹാര തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|---|---|---|
| | | ഹെക്ടർ | സെന്റി.-ൽ | | | |
| 1 | വിനോദ് കുറുമുറ്റത്ത്, കുറുമുറ്റത്ത് ഹൗസ്, കക്കയം. (പരേതനായ മത്തായി കുറുമുറ്റത്ത്) | 0.27 | 66.722 | 326938 | 210000 | 1,16,938 |
| 2 | ലീല ക്ലവപ്പോയിൽ ക്ലവപ്പോയിൽ ഹൗസ്, കക്കയം | 0.38 | 93.906 | 460139 | 210000 | 2,50,139 |
| 3 | ജോസഫ് കുറുമുറ്റത്ത് ത്രേസ്യ കുറുമുറ്റത്ത് | 0.60 | 148.272 | 726533 | 300000 | 4,26,533 |
| 4 | പ്രജീഷ് പൂവത്തിങ്കൽ, പൂവത്തിങ്കൽ ഹൗസ്, കക്കയം. | 0.20 | 49.424 | 242178 | 170000 | 72,178 |
| 5 | ത്രേസ്യാമ പൂവത്തിങ്കൽ, പൂവത്തിങ്കൽ ഹൗസ് | 0.20 | 49.424 | 242175 | 180000 | 62,178 |
| | **മൊത്തം** | **1.65 Hec** | **407.748 Cent** | **Rs.19,97,966** | **Rs.10,70,000** | **Rs.9,27,966** |

സെക്ഷൻ ഓഫീസർ